LIBRARY ARCHIVES Kerala Legislative Assembly

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

51 (56) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽനിന്നും ഏതെല്ലാം വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്;

(ബി) ഇത് സംബന്ധമായി ഇറങ്ങിയ ഉത്തരവുകളിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തുകയുണ്ടായോ; തീരുമാനം വിശദമാക്കാമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചതിന്റെ ലക്ഷ്യം എന്തായിരുന്നു; ഇത് ചില വകുപ്പുകളുടെ കാര്യത്തിൽ വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിന്റെ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ.(എംഎസ്.)നമ്പർ 228/14/പൊ.ഭ.) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (5-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 1/15/പൊ.ഭ.വ., 8-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 09/15/പൊ.ഭ.വ.) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഇത് സംബന്ധിച്ച് അംഗീകരിച്ച പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. മറ്റു കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

52 (57) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ മൂന്നു ക്ലാർക്കിന് ഒരു ടൈപ്പിസ്റ്റ് എന്ന അനുപാതം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിൽ വരുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ അർഹമായ ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക വെട്ടിക്കുറച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ മൂന്നു ക്ലാർക്കിന് ഒരു ടൈപ്പിസ്റ്റ് എന്ന അനുപാതം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല.

സംവരണ തസ്തികയിലെ നിയമനം

53 (58) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനങ്ങളിൽ പട്ടികജാതി പട്ടിക-വർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണ തസ്തികയിൽ പ്രസ്തുത വിഭാഗങ്ങൾക്ക് തന്നെ നിയമനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിലവിലുള്ള ചട്ടം ലംഘിച്ചതിലൂടെ 1995 മുതൽ എത്ര ജീവനക്കാർക്ക് പി.എസ്.സി. നിയമനം നൽകിയിട്ടുണ്ട്;

(സി) എങ്കിൽ ചട്ടലംഘനത്തിലൂടെ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly